**വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും**
**06-11-2020**
**അടിസ്ഥാന പാഠാവലി- X**
**ഓണമുറ്റത്ത് -02**

- ഓണവുമായി ബന്ധപ്പെട്ട ചൊല്ലുകൾ ശേഖരിച്ചോ? [ മുൻ ക്ലാസിൽ നൽകിയ തുടർ പ്രവർത്തനം ]
  എന്ന അന്വേഷണത്തോടെ ക്ലാസ് ആരംഭിച്ചു.

- കവിതയിലെ ആദ്യത്തെ മൂന്ന് വരികൾ ചൊല്ലിയവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തു.

[ഈ മലനാട്ടിൽ വായുവിലുണ്ടൊരു
..........................................
ലീറനടുത്തൊരു പാവനഭാവം ]

■ മലനാടിന്റെ മധുരമായ ഒരു വികാരവും പ്രകൃതിയിൽ അലിഞ്ഞുചേർന്ന ഒരു പരിശുദ്ധ ഭാവവുമാണ് ഓണം.
മധുര്യമാർന്നതും ഉദാരവും മഹത്തപൂർണ്ണമായതുമായ ഒരു വികാരമാണ് ഓണം.
■ ഓണത്തോടുള്ള മലയാളിയുടെ വൈകാരിക ഭാവം, ശേഖരിച്ച ചൊല്ലുകളിൽ നിന്നും ബോധ്യമായിട്ടുണ്ടാകും എന്ന പ്രസ്താവനയോടെ ചില ചൊല്ലുകൾ പരിചയപ്പെടുത്തി.
ഒരു നാടിന്റെ സംസ്കാരവും ജീവിത രീതിയും അന്നാട്ടിലെ ചൊല്ലുകളിൽ പ്രതിഫലിച്ച് കിടക്കും.
■ ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കഞ്ഞി കുമ്പിളിൽ തന്നെ.
[ ആഘോഷ വേളകളിലും ജീവിത സ്ഥിതിയിൽ മാറ്റങ്ങളില്ലാത്ത പാവപ്പെട്ടവരുടെ അവസ്ഥയെ കുറിക്കുന്ന ചൊല്ല് ]
■ ഓണം കേറാമൂല
[ പരിഷ്കാരം എത്താത്തിടം .ഓണം നാടിന്റെ എല്ലാ മുക്കുമൂലകളിലും ആഘോഷിക്കപ്പെടുന്നു. അപ്പോഴും ഓണത്തിന്റെ വരവറിയാത്ത വളരെ ഉൾവലിഞ്ഞതും ഒറ്റപ്പെട്ടതുമായ ഒരു സ്ഥലത്തെ കുറിക്കുന്ന ശൈലി ]
■ ഓണവുമായി ബന്ധപ്പെട്ട ചില പ്രയോഗങ്ങൾ ശ്രദ്ധയിൽ പെടുത്തി.
■ ഓണക്കോടി■ ഓണ നിലാവ്■ ഓണമുറ്റം ■ ഓണപ്പൂക്കളം■ ഓണക്കളികൾ■ ഓണവില്ല■ ഓണത്തുമ്പി
..........................................................

- മഞ്ഞാലീറനടുത്തൊരു പാവനഭാവം

എന്ന വരികളിൽ മനുഷ്യ ഭാവം തെളിഞ്ഞു വരുന്നത് വിവരിച്ചു.
■ മഞ്ഞിൽ കുളിച്ചു നിൽക്കുന്ന പ്രകൃതിയെയാണ് കവി ഇവിടെ വർണ്ണിക്കുന്നത്.

- വെളുത്ത നിറവും നനുത്ത ഭാവവും നേർത്ത കുളിരും മഞ്ഞിനെ പരിശുദ്ധിയുടെ പ്രതീകമാക്കുന്നു.
- പ്രഭാതത്തിൽ കുളി കഴിഞ്ഞ് ഈറനുമായി കടന്നു വരുന്ന ശാലീന സൗന്ദര്യം തുളുമ്പുന്ന ഒരു മനുഷ്യ ഭാവം വരികളിൽ വന്നു നിറയുന്നു.

- തുമ്പപ്പൂക്കൾ മാവേലി മന്നനെ സ്വീകരിക്കാൻ ഒരുങ്ങി നിൽക്കുന്ന ഭാഗം വിശദീകരിച്ചു.

[ മഴ കൊണ്ടാലും പാവം തുമ്പകൾ

.........................................

നിൽക്കുകയല്ലോ മേട്ടുകൾ തോറും ]

- മഴയേറ്റ് തണുത്ത് വിറക്കുന്നുണ്ടെങ്കിലും നിറയെ പൂക്കളുമായി മേട്ടുകൾ മുഴുവൻ ശുഭ്രനിറം ചാർത്തി വിരിഞ്ഞു നിൽക്കുകയാണ് തുമ്പപ്പൂക്കൾ .

■ അനുബന്ധമായി തുമ്പപ്പൂക്കൾക്ക് ഓണക്കാലത്ത് പ്രാധാന്യം വന്നതിന്റെ കഥ പറഞ്ഞു കൊടുത്തു.

■കരൾ കവരുന്നൊരു മണമോ നിറമോ
കണി കാണാത്തൊരു തുമ്പപ്പൂ
തന്റെ ഇല്ലായ്മകളിൽ വ്യസനിച്ച് ശോഭയും മണവുമുള്ള പൂക്കൾക്കിടയിൽ ഒതുങ്ങി , പതുങ്ങി നിൽക്കുമ്പോൾ മഹാബലിത്തമ്പുരാൻ വാരിയെടുത്ത് നിറുകയിൽ വെച്ചനുഗ്രഹിച്ച കഥ.

■ നാട്യങ്ങളില്ലാത്ത ഗ്രാമീണ ജീവിതത്തിന്റെ പ്രതീകം കൂടിയാണ് തുമ്പപ്പൂവ്

■ ലാളിത്യം, സാത്വികത്വം, വിനയം, പരിശുദ്ധി ഇവയുടെയൊക്കെ പ്രതീകം കൂടിയാണ് തുമ്പ .

■ നാട്യ പ്രധാനം നഗരം ദരിദ്രം
നാട്ടിൻ പുറം നന്മകളാൽ സമൃദ്ധം

■ മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ -
ടൊപ്പമെന്നമ്മയും തുമ്പ പോലെ
- വിജയ ലക്ഷ്മി - പുതുവർഷം -
ഈ വരികൾ സാന്ദർഭികമായി ഓർമ്മിപ്പിച്ചു.

- തുമ്പയിൽ വിടർന്നു നിൽക്കുന്ന മനുഷ്യഭാവം വിശദീകരിച്ചു.

■ ആഘോഷവേളകളിൽ അപകർഷബോധത്തോടെ അല്പം മാറിനിന്ന് അവയിൽ പങ്കുചേരുന്ന സാധാരണ മനുഷ്യരുടെ ഭാവം തുമ്പയ്ക്ക് കൈവരുന്നു.

■ മഴയും മഞ്ഞും വകവെക്കാതെ കുന്നിൽ ചെരുവുകളിൽ പൂതേടി പോയി , പൂക്കുടയുമായി നനഞ്ഞ് വിറച്ചു നിൽക്കുന്ന കുട്ടികളുടെ ചിത്രം വരികളിൽ തെളിയുന്നു.

- പുതിയ കാലത്ത് ഓണാഘോഷങ്ങൾക്ക് സംഭവിച്ച മാറ്റങ്ങൾ സൂചിപ്പിച്ചു.

■ അന്യസംസ്ഥാനത്തുനിന്നും എത്തുന്ന വാടിയ പൂക്കളാൽ പൂക്കളമൊരുക്കാൻ തുടങ്ങി
■ തൊടിയിൽ തുമ്പയെ കാണാതായി
■ സദ്യകൾ ഇൻസ്റ്റൻഡ് ആയി
■ ഓണക്കളികൾ ടി വി യിലായി

■ അങ്ങാടിപ്പെരുപ്പം അകത്തേക്ക്
ഓണപ്പഴമ പുറത്തേക്ക്
എന്ന ചൊല്ലിലൂടെ ഓണം ഉപഭോഗ സംസ്കാരത്തിനൊപ്പിച്ച് മാറിയത് ചൂണ്ടിക്കാട്ടി.

- മുക്കുറ്റിപ്പൂക്കൾ , നെയ്യാമ്പലുകൾ എന്നിവ ഓണത്തപ്പനെ സ്വീകരിക്കാൻ കാത്തിരിക്കുന്നത് വിശദീകരിച്ചു.

[തിരികൾ തെറുത്തു , കൊളുത്താനുറ്റ മു-
..............................................
ഏതുമുറങ്ങാതെമ്പാടും വയ-
................................................
ലന്നു ലസിപ്പൂ നെയ്യാമ്പലുകൾ ]

- മുക്കുറ്റിപ്പൂവിന്റെ ചിത്രം കാണിച്ചു കൊടുത്തു കൊണ്ട് പ്രസ്തുത വരികൾ വിശദീകരിച്ചു.

■ വിളക്കിലേക്കുള്ള  തിരി തെറുത്ത് വിരൽ കുഴഞ്ഞ്, ഓണത്തിന്റെ ആഘോഷങ്ങൾക്ക് വിളക്കു തെളിച്ച് തുടക്കം കുറിക്കാൻ ദീപക്കുറ്റിയുമേന്തി  മുഹൂർത്തവും കാത്ത് നിൽക്കുകയാണ് മുക്കുറ്റിപ്പൂക്കൾ .

- നെയ്യാമ്പലുകളുടെ ചിത്രം കാണിച്ചു കൊണ്ട് പ്രസ്തുത വരികൾ വിശദീകരിച്ചു.

■ ഒരു പൂവു പോലും കൂമ്പിപ്പോകാതെ എല്ലാ വയലേലകളിലും നെയ്യാമ്പൽ പൂക്കൾ ചിരിച്ചു കൊണ്ട് വിരിഞ്ഞു നിൽക്കുന്നു.
വെള്ളിത്താലത്തിനു നടുവിൽ പൊൽക്കിഴിയുമായാണ് അവ നിരന്നു നിൽക്കുന്നത്.
വെളുത്ത പൂവിന് നടുവിലെ മഞ്ഞ നിറം വെള്ളിത്താലത്തിനു നടുവിലെ പൊന്നിന്റെ കിഴിയായി കവി സങ്കൽപ്പിക്കുന്നു.

- അതിഥിയെ വരവേൽക്കാൻ വഴിയുടെ ഇരുപുറവും , ചിരിച്ചു കൊണ്ട് താലപ്പൊലിയുമെടുത്ത് നിൽക്കുന്ന സുന്ദരിമാരുടെ ചിത്രം  ഈ വരികൾ ഓർമ്മിപ്പിക്കുന്നു.
- കവിതയിലെ തുടർന്നുള്ള വരികൾ ചൊല്ലിയവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തു.

[ കാലേ രാവു നിറന്ന നിലാവാൽ

.........................................

ല്ലതിഥി നമുക്കിനിയാരിതുപോലെ ]

നിലവാകുന്ന കമുകിൻ പൂവു ളുകി , നിലാപ്പൂക്കളാൽ സുന്ദരമായ പരവതാനി വിരിച്ച വഴിയിലൂടെ ഓണത്തപ്പൻ എഴുന്നള്ളുന്നു.

മറ്റൊരു വ്യാഖ്യാനം:

[രാത്രി മുഴുവൻ നിറഞ്ഞു നിന്ന നിലാവു കാരണം കമുകിൻ പൂക്കൾ മുഴുവൻ പൊഴിഞ്ഞു വീണിരിക്കുന്നു. കമുകിൻ പൂക്കൾ വിതറി പ്രകൃതി ഒരുക്കിയ മനോഹരമായ പരവതാനിയിലൂടെയാണ് ഓണത്തപ്പൻ എഴുന്നള്ളുന്നത് ]

■ ഓണത്തപ്പനെ സ്വീകരിക്കാൻ കവി മനുഷ്യരോടും പ്രകൃതിയോടും ആഹ്വാനം ചെയ്യുന്നു.

■ കുട്ടികളോടും , കന്യകമാരോടും , കടലിനോടും, അരുവികളോടും ആർപ്പുവിളിച്ചും കുരവയിട്ടും മഹാബലി തമ്പുരാനെ സ്വീകരിക്കാനാണ് കവി ആവശ്യപ്പെടുന്നത്. ഇതിനേക്കാൾ നല്ലൊരതിഥി നമുക്കിനി വേറെ വരാനില്ലെന്നും കവി ഓർമ്മിപ്പിക്കുന്നു.

- ➢ ചിങ്ങമാസത്തിലെ പുലരിയെ വർണ്ണിക്കുന്ന ഭാഗം വിശദീകരിച്ചു.

[ നീളും മലയുടെ ചങ്ങല വട്ടയിൽ

.........................................

മോണക്കോടിയുടുത്തൊരുഷസ്സേ, ]

■ചിങ്ങമാസത്തിലെ പുലരിയെ ,

കയ്യിൽ ദീപവുമായ് നാണത്തോടെ കടന്നുവരുന്ന സുന്ദരിയായ ഒരു പെൺകുട്ടിയോടാണ് കവി സാദൃശ്യപ്പെടുത്തുന്നത്.

- ◆ കിഴക്കൻ മലനിരകൾ ചങ്ങല വട്ടയായി കവി സങ്കൽപ്പിക്കുന്നു. അവിടെ ഉദിച്ചുയരുന്ന ബാലസൂര്യൻ അതിലെ തിരിനാളമാണ്.
- ◆ ബാലാർക്കൻ പതുക്കെ ഉദിച്ചു വരുന്ന കാഴ്ച്ചയെ ഉഷസ്സാകുന്ന പെൺ കൊടി തന്റെ ചുവന്ന വിരലുകളാൽ തിരിനാളം നീട്ടിയും , കവിളുതുടുത്തും നാണത്താൽ പതുങ്ങിയും ഓണക്കോടിയുമുടുത്ത് വരുന്ന ദൃശ്യത്തോട് കവി ചേർത്തു വെക്കുന്നു.
- ◆ പ്രഭാതത്തിലെ ആകാശത്തിന്റെ അരുണിമ ഈ സാദൃശ്യ കല്പനയെ സാധൂകരിക്കുന്നു.
- ➢ സവിശേഷമായ പ്രയോഗവിശേഷങ്ങൾ കൊണ്ട് വായനക്കാരനിൽ ആഹ്ലാദം ജനിപ്പിക്കാനുള്ള കാവ്യസിദ്ധിയാണ് ചമത്കാരം എന്ന് വിശദീകരിച്ചു. അലങ്കാര പ്രയോഗങ്ങളിലൂടെയാണ് കവികൾ ഇത്തരം ചമത്കാരങ്ങൾ ചമയ്ക്കുന്നതെന്ന് ഉദാഹരണ സഹിതം ചൂണ്ടിക്കാണിച്ചു.

**തുടർപ്രവർത്തനങ്ങൾ :**

1. നീളും മലയുടെ ചങ്ങലവട്ടയിൽ

നാളം പാടല വിരലാൽ നീട്ടിയു-
മോമൽക്കവിള്ള തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിട്ടു-
മോണക്കോടിയുടുത്തൊരുഷസ്സേ,
ഈ വരികളുടെ  ചമത്കാര ഭംഗി വ്യക്തമാക്കുക ?
2. ഓണത്തപ്പനെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന പ്രകൃതി വർണ്ണകളിലെ മനുഷ്യഭാവം കണ്ടെത്തുക?
സൂചനകൾ :
■തുമ്പ : മഴ നനഞ്ഞ് വിറച്ച നിൽക്കുന്ന കുട്ടികൾ/ മാറി നിന്ന് ആഘോഷങ്ങളിൽ പങ്കുചേരുന്ന സാധാരണക്കാർ .
■മുക്കുറ്റി : തിരികൾ തെറുത്ത് കൊളുത്താനായി ദീപ കുറ്റിയുമായി കാത്തിരിക്കുന്നവർ
■നെയ്യാമ്പൽ : വെള്ളിത്തളികയിൽ പൊൽക്കിഴിയുമായി താലപ്പൊലിയേന്തി നിൽക്കുന്നവർ.
■ ഉഷസ്സ് : ചങ്ങല വട്ടയുടെ വിളക്കിൽ തിരി നീട്ടി നിൽക്കുന്ന കന്യക.
തയ്യാറാക്കിയത് :നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം